### കുട്ടികൾ

1 മുതൽ 7 വരെ ക്ലാസ്സുകളിലായി 122 ആൺകുട്ടികളും 223 പെൺകുട്ടികളും ഉൾപ്പെടെ [illegible] കുട്ടികൾ പഠിക്കുന്നുണ്ട്. പ്രീ-പ്രൈമറി വിഭാഗത്തിൽ 60 കുട്ടികൾ പഠനം നടത്തുന്നുണ്ട്.

### നാളെയുടെ മികവ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സമഗ്ര വിദ്യാലയ വികസന പദ്ധതിയിൽ തോലമ്പ്ര യു.പി. സ്കൂളിൽ നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികൾ

### പരിസ്ഥിതി സൗഹൃദ ക്ലാസ് റൂം

പ്രകൃതിയുമായി ഇണങ്ങി പ്രകൃതിയെ സ്നേഹിച്ച് അതിനെ നശിപ്പിക്കാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാന്മാരാക്കുന്നു.

### പച്ചക്കറിത്തോട്ടം, പൂന്തോട്ടം

കുട്ടികൾക്ക് കൃഷിയോടുള്ള അഭിമുഖം വർദ്ധിപ്പിക്കുന്നതിനും കാർഷിക സംസ്കാരത്തെക്കുറിച്ചുള്ള ധാരണകൾ ഉണ്ടാവുന്നതിന്.

### വായനപുര (എന്തും വായിക്കാം എപ്പോഴും വായിക്കാം.)

ഒഴിവു സമയങ്ങൾ സർഗാത്മകമാക്കുന്നതിനുള്ള അവസരമൊരുക്കുന്നു.

### അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്നും അമ്മമാർക്ക് പുസ്തകം എടുക്കാനും അത് വായിച്ച് കുട്ടികളോട് പറഞ്ഞുകൊടുക്കാനും അവസരം നൽകുന്നു.

### ചുമരുകൾ കഥപറയുമ്പോൾ

വിവിധ വിഷയങ്ങളുടെ പഠനസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് പഠന ചുമർ പ്രൈമറി തലത്തിൽ വ്യാപകമായി നിർമിക്കുന്നു. പഠന നേട്ടങ്ങൾ വിശകലനം ചെയ്ത് വിവിധ വിഷയങ്ങൾക്ക് പല രീതിയിൽ പ്രയോജനപ്പെടുത്താവുന്ന ചിത്ര സാധ്യതകൾ. അധ്യാപകന്റെ പാഠാസൂത്രണത്തിൽ ചിത്രമതിൽ കടന്നു വരുന്നു.

### എന്റെ പിറന്നാൾ പുസ്തകം പദ്ധതി

ഓരോ പിറന്നാളിനും മിഠായികൾ വിതരണം ചെയ്യുന്നതിനു പകരമായി കുട്ടികളെ പുസ്തക വിതരണത്തിന് തൽപരരാക്കുക.

**ആകാശവാണി ക്ലബ് (വിവിധ ഭാഷകളിൽ)**

ഓരോ ക്ലാസിലെയും (യു.പി.) കുട്ടികൾ ഏതെങ്കിലും വിഷയത്തെക്കുറിച്ച് ചിന്താവിഷയം അവതരിപ്പിക്കുന്നു. ഇതിലൂടെ ഭാഷ പ്രയോഗശേഷി വർദ്ധിക്കുന്നു.

**ഹൈടെക് സംവിധാനവും ഉപയോഗവും**

ഒന്നാം ക്ലാസ് മുതൽ ഡി.ടി.പി. ചെയ്യാനുള്ള പരിശീലനം, കുട്ടികളുടെ സൃഷ്ടികൾ ഉപയോഗിച്ച് ഡിജിറ്റൽ മാഗസിൻ, ICT ഉപകരണങ്ങളുടെ പരിശീലനം കുട്ടികൾക്കും രക്ഷിതാക്കൾക്കും.

**മരത്തണൽ വായന**

കുട്ടികൾക്ക് മരത്തണലിൽ ഇരുന്നു വായനയ്ക്കുള്ള അവസരം ഒരുക്കിക്കൊടുക്കുന്നു.

**ഭൗതികം**

സ്മാർട്ട് ക്ലാസ്റൂം, ലൈബ്രറി, ശാസ്ത്രലാബ് എന്നിവ നടപ്പിൽ വരുത്തും. ക്ലാസ്സ് മുറികൾ ചിത്രങ്ങൾ കൊണ്ട് അലങ്കരിക്കും. ഇത് പഠന നേട്ടങ്ങളുമായി ബന്ധപ്പെടുത്തും.

**സാമൂഹികം**

പി.ടി.എ. ശാക്തീകരണം: പി.ടി.എ. യോഗങ്ങളിൽ മുഴുവൻ അംഗങ്ങളുടെയും സാന്നിധ്യം ഉറപ്പുവരുത്തും. സ്കൂൾ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് പി.ടി.എ. അംഗങ്ങളുടെ പങ്കാളിത്തം സാധ്യമാക്കും. അയൽപക്ക പി.ടി.എ.കളിൽ കൂടി കൂടുതൽ പങ്കാളിത്തം ഉറപ്പു വരുത്തും.

**പരിമിതികളും ആവശ്യങ്ങളും**

- വിശാലമായ കളിസ്ഥലത്തിന്റെ അഭാവം
- നീന്തൽ പരിശീലനം കൊടുക്കാനുള്ള നീന്തൽ കുളം
- ജ്യോതി ശാസ്ത്ര ലാബ്
- സാമൂഹ്യ ശാസ്ത്ര ലാബ്
- സയൻസ് ലാബ്
- ഗണിത ലാബ്
- സ്മാർട്ട് ക്ലാസ് റൂം
- ചിൽഡ്രൻസ് പാർക്ക്
- ഹൈടെക് ലൈബ്രറി

എന്നിവയുടെ അഭാവം

# മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | ഭൗതികം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (അക്ഷരം, ചിഹ്നം ഉറപ്പിക്കൽ) | അക്ഷരങ്ങൾ എഴുതിയ കാർഡുകളും ഓരോ അക്ഷരങ്ങളുടെ ചിഹ്നവും കാർഡുകളിൽ എഴുതി വായിപ്പിക്കുന്നു.<br><br>ഓരോ അക്ഷരങ്ങൾ വരുന്ന ധാരാളം വാക്കുകൾ പരിചയപ്പെടുത്തുന്നു.<br><br>ചിത്രവായന – കഥാപൂരണം<br>കവിത – ബാക്കി എഴുതൽ<br>കടങ്കഥ പയറ്റ് നടത്തുന്നു.<br>അഭിനയം – അക്ഷര കാർഡുകൾ – പദക്കാർഡുകൾ<br><br>ഡയറി എഴുത്ത് | 4 മാസം<br><br>2 മാസം<br><br>1 മാസം | രക്ഷിതാവ്<br><br>SRG | പുസ്തകങ്ങൾ<br><br>ചിത്രങ്ങൾ<br><br>ചാർട്ടുകൾ |

## ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളുടെയും ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ | • പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | | • പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ / ശേഖരിക്കൽ | ജൂലൈ | " | |
| | | • ഇംഗ്ലീഷിലുള്ള അസംബ്ലി | വർഷം മുഴുവൻ | " | |
| | | • ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ് | " | " | |
| | | • ഒരു ദിവസം ഒരു ഭാഷാ പരിപാടി എല്ലാ ക്ലാസ്സിലും | " | " | |
| | | • ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി, റീഡിംഗ് കോർണർ, ബുക്സ് | | PTA | 2000/- |
| | | • ഇംഗ്ലീഷ് തിയേറ്റർ / ലാംഗ്വേജ് ലാബ് | | " | |
| | | • പതിപ്പുകൾ / മാസികകൾ | | " | |
| | | • രചനാ ശില്പ ശാലകൾ | | " | |
| | | • ഇംഗ്ലീഷ് ഫെസ്റ്റ് | | " | 5000/- |

## ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 1. | ഭാഷ പരിചയപ്പെടുത്തൽ | • ദേശഭക്തി ഗീതങ്ങൾ കേൾപ്പിക്കൽ<br>• ഹിന്ദി ഹ്രസ്വ ചിത്രങ്ങൾ കാണിക്കൽ | 3 മാസം | അധ്യാപകൻ<br>SRG<br>PTA | I C T<br>ചിത്രങ്ങൾ |
| 2. | അക്ഷരങ്ങൾ പഠിപ്പിക്കൽ | • അക്ഷരകാർഡ് ഉപയോഗിച്ചുള്ള കളി<br>• കുട്ടികളെക്കൊണ്ട് അക്ഷര രൂപങ്ങൾ തെരഞ്ഞെടുക്കുന്ന കളി. | 4 മാസം | അധ്യാപകൻ<br>SRG | ചാർട്ട്<br>അക്ഷരകാർഡ്<br>അക്ഷരരൂപങ്ങൾ |
| 3. | കഥാപുസ്തകങ്ങൾ പരിചയപ്പെടുത്തൽ | • കുട്ടികളുടെ കഥകൾ, ചിത്ര പുസ്തകങ്ങൾ എന്നിവ അധ്യാപകന്റെ സഹായത്തോടെ വായിക്കൽ<br>• കഥാപുരാണം | 4 മാസം | BRC<br>PTA<br>അധ്യാപകൻ, | കഥാപുസ്തകങ്ങൾ<br>ചിത്രകഥ<br>പുസ്തകങ്ങൾ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 4. | പദ്യം ചൊല്ലൽ ഹിന്ദി ഗാനങ്ങൾ ആലപിക്കൽ | • പാഠപുസ്തകങ്ങളിലേയും മറ്റ് ഹിന്ദി പുസ്തകങ്ങളിലും ഉള്ള ചെറിയ കവിതകൾ ക്ലാസിൽ കുട്ടികളെക്കൊണ്ട് ചൊല്ലിക്കൽ (അധ്യാപകന്റെ സഹായത്തോടെ)<br>• കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് പാട്ട് ഈണത്തിൽ മത്സരമായി ചൊല്ലിക്കൽ | 6 മാസം | അധ്യാപകൻ<br>SRG | കവിതാ പുസ്തകങ്ങൾ |
| 5. | ഹിന്ദി രചന | • ചെറിയ കഥകളും കവിതകളും സ്വന്തമായി എഴുതിക്കൽ<br>• കഥാപുസ്തകം, കവിതാ പുസ്തകം ക്ലാസ്സിൽ നിർമ്മിക്കൽ | വർഷത്തിൽ മൂന്ന് തവണ | അധ്യാപകൻ<br>PTA<br>SRG<br>BRC | കത്രിക<br>ചാർട്ട്<br>A4 ഷീറ്റ്<br>പശ<br>സ്കെച്ച്പേന<br>etc. |

## ശാസ്ത്രപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പരിസരപഠനം പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പാക്കുന്നതിനും കൂടാതെ, 5, 6, 7 ക്ലാസ്സുകളിൽ ശാസ്ത്രപഠനം ഫലപ്രദമായി നടത്തുന്നതിനും പഠനനേട്ടമുറപ്പിക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കലും. ശാസ്ത്രലാബിന്റെ ആധുനികവൽക്കരണം ക്ലബ്ബിന്റെ പ്രവർത്തന വിപുലീകരണം. | • 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ഏപ്രിൽ–മെയ് | ശാസ്ത്ര അധ്യാപകൻ SRG | |
| | | • തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ നൽകേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകം, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ. | ഏപ്രിൽ–മെയ് | " | DTP 50/- |
| | | • സാമഗ്രികൾ വാങ്ങൽ | ജൂൺ | ശാസ്ത്ര അധ്യാപകൻ | 7000/- |
| | | • പി.ടി.എ. യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം സാമഗ്രികളുടെ ശേഖരണം. | ജൂൺ രണ്ടാംവാരം | " | 2000/- |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | • പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല. സ്കൂൾ പഠനോപകരണ നിർമ്മാണശില്പശാലയുടെ ഭാഗമായി, Parents, SSG, അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ | ജൂലൈ ആദ്യവാരം | ശാസ്ത്ര അധ്യാപകൻ PTA | 5000/- |
| | | • ശാസ്ത്രമൂലക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം. അലുമിനിയം ഫാബ്രിക്കേഷൻ ഉപയോഗിച്ച് അലമാര. | ജൂലൈ രണ്ടാം വാരം | PTA | 10000/- |
| 2. | ശാസ്ത്രബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കൽ | • സ്കൂൾ ലാബ് സജ്ജമാക്കൽ, ക്ലാസ് മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ, പാഠം ഏത് ക്ലാസ്സിന് ഉപയോഗിക്കാവുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ അവസാന വാരം | ശാസ്ത്ര അധ്യാപകൻ | |
| 3. | ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തൽ | • പരീക്ഷണ ശില്പശാല, പഞ്ചായത്തിലെ മറ്റ് അധ്യാപകർക്കും, പങ്കെടുക്കാൻ അവസരം. 1 മുതൽ 7 വരെ ക്ലാസ്സിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ | ആഗസ്ത് ആദ്യ വാരം | ശാസ്ത്ര അധ്യാപകൻ PTA | 1500/- |
| | | • ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ, ക്ലാസ്സ് നിലവാരത്തിലുള്ളത് വാങ്ങൽ. രക്ഷിതാക്കളെ വായിപ്പിക്കൽ. | ആഗസ്ത് രണ്ടാം വാരം | PTA | 2000/- |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | • ശാസ്ത്രപഠന യാത്രകൾ (സയൻസ് പാർക്ക്, പ്ലാനറ്റോറിയം), ഫീൽഡ് ട്രിപ്പുകൾ, വർക്ക് സെന്റർ വിസിറ്റ് എന്നിവ സംഘടിപ്പിക്കൽ | സെപ്തംബർ രണ്ടാം വാരം | ശാസ്ത്ര അധ്യാപകൻ PTA | 5000/- |
| | | • ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി, ദൃശ്യാനുഭവങ്ങൾ നൽകൽ, ശാസ്ത്രകാരന്മാരുടെ ജീവചരിത്ര പ്രദർശനം എന്നിവ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ വിവിധ സന്ദർഭങ്ങളിൽ | ശാസ്ത്ര അധ്യാപകൻ കമ്പ്യൂട്ടർ ടീച്ചർ | 1000/- |
| | | • വാന നിരീക്ഷണം (വിദഗ്ദ്ധരെയും, രക്ഷാകർത്താക്കളെയും മറ്റും പങ്കെടുപ്പിച്ച്) രാത്രികാലങ്ങളിൽ സംഘടിപ്പിക്കൽ. | ഏപ്രിൽ-മെയ് | ശാസ്ത്ര അധ്യാപകൻ PTA | 2000/- |
| | | • ശാസ്ത്രാവബോധം വളർത്താൻ, അന്ധവിശ്വാസ അനാവരണം, ക്ലാസ്, റാലി എന്നിവ പൊതുജന പങ്കാളിത്തത്തോടെയുള്ള പരിപാടി | ഒക്ടോബർ | ശാസ്ത്ര അധ്യാപകൻ PTA | 1000/- |

# സാമൂഹ്യപാഠം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ സാമൂഹ്യബോധം, ചരിത്രാവബോധം എന്നിവ വളർത്തൽ | • സോഷ്യൽ സയൻസ് ഫെസ്റ്റ് (യു.പി.) ഉത്പന്നങ്ങൾ പ്രദർശിപ്പിക്കൽ, ക്വിസ്, പ്രസംഗം, നാടകം | 4 മാസം | പി.ടി.എ.<br>BRC | |
| | | • ഡിജിറ്റൽ ആൽബം - പ്രപഞ്ചം എന്ന മഹാത്ഭുത (5-ാം ക്ലാസ്), വൈവിധ്യങ്ങളുടെ ലോകം (6-ാം ക്ലാസ്), യൂറോപ്പ് പരിവർത്തനപാതയിൽ (5-ാം ക്ലാസ്), വ്യക്തിഗത ആൽബ നിർമ്മാണം, അടിക്കുറിപ്പ് കൊടുക്കൽ | 2 മാസം | BRC | |
| | | • പ്രാദേശിക വിഭവ ഭൂപട നിർമ്മാണം | 3 മാസം | | |
| | | • പഠനയാത്രകൾ, പ്രാദേശിക ചരിത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കൽ, പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ കണ്ടെത്തി സന്ദർശിക്കൽ. (എൽ.പി., യു.പി.) | ആവശ്യമായ സന്ദർഭങ്ങളിൽ | സോഷ്യൽ അധ്യാപകൻ<br>PTA | |

# പരിസര പഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 1. | മണ്ണിൽ ലഘു പരീക്ഷണം | ലഘുപരീക്ഷണം മണ്ണിൽ എന്തെല്ലാം. (ജൈവാംശം കൂടുതൽ മേൽമണ്ണിലാണ്, വളക്കൂറുള്ളത് മേൽമണ്ണാണ്, ഏതു പ്രദേശത്തു നിന്നും ശേഖരിച്ച മണ്ണിലാണ് വളക്കൂറുള്ളത്) | പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട് ഘട്ടങ്ങളായി ചെയ്യുന്നു | അധ്യാപകൻ രക്ഷിതാവ് | മണ്ണ്, ചിരട്ട |
| 2. | 1 മുതൽ 10 വരെ ഗുണന വസ്തുതകൾ ഉറപ്പിക്കൽ വാലാക്കി മാറ്റൽ കളി, ഡൈസ്കളി | ക്ലാസ്സിലെ കുട്ടികൾ മൊത്തമായോ ഗ്രൂപ്പായോ കളിക്കുന്നു. | " | PTA അധ്യാപകൻ | കാർഡ് ഡൈസ് |
| 3. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | കഥകളും കുട്ടിക്കവിതകളും നിർമ്മിച്ച് ICT സാധ്യത ഉപയോഗിച്ചു ചെയ്യുന്ന പ്രവർത്തനങ്ങൾ | " | അധ്യാപകൻ | ചിത്രങ്ങൾ കമ്പ്യൂട്ടർ |
| 4. | എഴുതാനുള്ള ശേഷി വർദ്ധിപ്പിക്കൽ | ചിത്രങ്ങൾക്ക് കളർ നൽകുക<br>ക്ലാസ്സിന്റെ പരിസരം വീക്ഷിച്ച് വസ്തുക്കളെ കുറിച്ച് മനസ്സിലാക്കി വിശദീകരിക്കുക | " | PTA അധ്യാപകൻ | ചിത്രങ്ങൾ |

# ഗണിതം ആർ.പി.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 1. | 1 മുതൽ 12 വരെയുള്ള ഗുണനവസ്തുതകൾ ഉറപ്പിക്കൽ | ചങ്ങലക്കളി - കുട്ടികൾ മൊത്തമായോ ഗ്രൂപ്പായോ കളിക്കുന്നു. കാർഡ് കളി- ഗുണന വസ്തുതകൾ അടങ്ങിയ കാർഡുകൾ പ്രദർശിപ്പിക്കുന്നു. | 3 മാസം | PTA SRG | കാർഡ് ചാർട്ട് |
| 2. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | വാക്കുകളിലെ ചിഹ്നങ്ങൾ കണ്ടെത്തൽ, ചിഹ്നങ്ങൾ ചേരുമ്പോൾ ഉണ്ടാകുന്ന ഉച്ചാരണ വ്യത്യാസം തിരിച്ചറിയൽ | 2 മാസം | " | " |
| 3. | ഇംഗ്ലീഷ് എഴുതാനും വായിക്കാനും ഉള്ള പ്രാഥമികമായ അറിവ് നിർമ്മാണം | വസ്തുക്കളുടെ ചിത്രങ്ങൾ നൽകി പേരെഴുതൽ | 3 മാസം | PTA, SRG അധ്യാപകർ | ചിത്രങ്ങൾ |
| 4. | ഗണിതോത്സവം | ഗണിതശാസ്ത്ര പ്രധാന്യമുള്ള വസ്തുക്കൾ പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒരിക്കൽ | " | |
| 5. | ഗണിതക്ലാസ്സുകൾ സംഘടിപ്പിക്കൽ | ഗണിതത്തിൽ പ്രാഗത്ഭ്യം നേടിയവരെ ക്ലാസ്സിൽ എത്തിച്ച് നടപ്പാക്കുക. | ഓരോ വർഷവും പഠനപ്രവർത്തന ഭാഗമായി നടത്തുന്നു. | " | |

# ഗണിതം യു.പി.

നാലു വിഭാഗങ്ങളിലായി 20 പ്രവർത്തനങ്ങൾ

**ലക്ഷ്യം:-** ഗണിതത്തോട് അനുകൂലമായ മനോഭാവം ജനിപ്പിക്കുക. ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക. സമർത്ഥരായവരെ പ്രോത്സാഹിപ്പിക്കുക. പിന്നോക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരിക.. etc...

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | യു.പി. വിഭാഗത്തിലെ എല്ലാ കുട്ടികൾക്കും ഗണിത ശാസ്ത്രത്തിൽ ഉയർന്ന ഗ്രേഡോടെയുള്ള വിജയം (5,6,7 ക്ലാസ്സിലെ കുട്ടികൾ) | 1. പാഠഭാഗങ്ങൾ കൃത്യമായി പൂർത്തീകരിക്കൽ<br>2. യൂണിറ്റ് ടെസ്റ്റുകൾ<br>3. മാതൃക പരീക്ഷകൾ<br>4. വിദഗ്ദ്ധരുടെ ക്ലാസ്സുകൾ<br>5. ഗണിത ക്യാമ്പുകൾ<br>6. റഫറൻസ് ഗ്രന്ഥങ്ങൾ ശേഖരിക്കൽ<br>7. IT അധിഷ്ഠിത ഗണിത ക്ലാസ്സുകൾ<br>8. കുട്ടികൾക്ക് പ്രോത്സാഹനം<br>9. ഗൃഹസന്ദർശനം<br>10. രക്ഷിതാക്കൾക്ക് ബോധവൽക്കരണം | ജൂൺ മുതൽ മാർച്ച് വരെ എല്ലാ വർഷവും | ഗണിതശാസ്ത്ര അധ്യാപകൻ | 2000/- |
| 2. | 5, 6, 7 ക്ലാസ്സിലെ കുട്ടികളിൽ ഗണിതാഭിരുചി വളർത്തുക | 1. അസംബ്ലിയിൽ അവതരണം<br>2. ഗണിതക്വിസ് (മാസം)<br>3. ഗണിത പുസ്തക വായന<br>4. ഗണിതശാസ്ത്രം - മാസിക<br>5. ഗണിത ക്യാമ്പ് (1 ദിവസം) | എല്ലാ വർഷവും ജൂൺ മുതൽ മാർച്ച് വരെ | * | 500/- |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3. | അധ്യാപക ശാക്തീകരണം ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലേക്കുള്ള സന്ദർശനം | 1. പ്രവർത്തന മികവ് തെളിയിച്ച വിദ്യാലയങ്ങളിലേക്കുള്ള സന്ദർശനം<br>2. ചർച്ചകൾ<br>3. സ്വീകരിക്കാവുന്ന പ്രവർത്തന മാതൃകകൾ തീരുമാനിക്കൽ | എല്ലാ വർഷവും 2 എണ്ണം | ഗണിതശാസ്ത്ര അധ്യാപകർ | 2000/- |
| 4. | ഗണിതശാസ്ത്രമേളകളിൽ മികച്ച പങ്കാളിത്തം, വിജയം. | 1. സ്കൂൾ തല മേളകൾ കുട്ടികളുടെ തെരഞ്ഞെടുക്കൽ<br>2. പ്രത്യേക പരിശീലനങ്ങൾ | എല്ലാ വർഷവും ജൂൺ മുതൽ നവംബർ വരെ | " | 3000/- |

# സംസ്കൃതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 1. | സംസ്കൃതഭാഷയിലെ ഭാഷാപരമായ പരിചയപ്പെടൽ | • അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.<br>• ലളിതമായ രീതിയിൽ ക്ലാസ് നൽകിക്കൊണ്ട് കുട്ടികൾക്ക് ഭാഷാപരമായ നേട്ടങ്ങൾ ഉണ്ടാക്കുന്നു. | 3 മാസം | ലൈബ്രറി | അക്ഷര പുസ്തകങ്ങൾ, ചിത്രപദകോശം, ബാലകവിതാ പുസ്തകങ്ങൾ |
| 2. | വ്യാകരണ മികവ് | • അക്ഷരങ്ങളും ചിഹ്നങ്ങളും ഉറച്ചതോടെ അക്കാദമിക തലത്തിലുള്ള വ്യാകരണ ക്ലാസ് തുടങ്ങുന്നു. ലളിതമായ പഠനരീതിയിലൂടെ വ്യാകരണത്തിന്റെ അടിത്തറ ഉറപ്പിക്കുന്നു. | 2 മാസം | - | ലഘുസിദ്ധാന്തകൗമുദി, സിദ്ധരൂപം മുതലായ പുസ്തകങ്ങൾ പരിചയപ്പെടുത്തിക്കൊണ്ട് പഠനം സാധ്യമാകുന്നു. |
| 3. | രാമായണം പ്രശ്നോത്തരി മത്സരം | • പുരാണ കഥാപുസ്തകങ്ങൾ പഠിപ്പിച്ചുകൊണ്ട് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | 1 മാസം | ലൈബ്രറി അധ്യാപകൻ | പ്രശ്നോത്തരി പുസ്തകങ്ങൾ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 4. | അക്കാദമിക പരീക്ഷകൾ | • പാഠപുസ്തക പഠനം, ക്ലാസ് ടെസ്റ്റ് | 2 മാസം | ക്ലാസ് പ്രവർത്തനങ്ങൾ, ഗൃഹപാഠം | CD |
| 5. | സംസ്കൃതോത്സവം ദ്വിദിന ശില്പശാല | • സ്കൂൾ തലത്തിൽ കലാപരിപാടികൾക്കുള്ള പരിശീലനം വേണ്ടവിധം നൽകുന്നു. വിജയികൾക്ക് പ്രോത്സാഹനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നു. | 1 മാസം | പി.ടി.എ. | രസനാ മാസിക വ്യാകരണ പുസ്തകം |
| 6. | സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ | • കോച്ചിംഗ് ക്ലാസ് നൽകുന്നു.<br>• വിജയികൾക്ക് അനുമോദനങ്ങളും പാരിതോഷികങ്ങളും നൽകുന്നു. | 1 മാസം | അധ്യാപകൻ | ലഘുസിദ്ധാന്ത കൗമുദി |

# ഉറുദു

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഉറുദുഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക. ഉറുദു ഭാഷാപഠനം ലളിതവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | • 5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉറുദു അക്ഷരമാല ഉറപ്പിക്കുന്നതിനുള്ള പദ ക്കാർഡ് നിർമ്മാണം, പ്രദർശിപ്പിക്കൽ, ചാർട്ട് വാങ്ങൽ, പദക്കാർഡ്, അക്ഷര ക്കാർഡ് എന്നിവ നിർമ്മാണം.<br>• പ്രൈമറി വിഭാഗം കുട്ടികൾക്ക് വായന പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ വായനാ ചാർട്ടുകൾ വാങ്ങൽ, ഉറുദു ക്ലാസ്സ് റൂമുകളിൽ പ്രദർശിപ്പിക്കൽ<br>• കൂടാതെ ഭാഷാപരമായ കഴിവുകൾ കുട്ടി കൾക്ക് ലഭിക്കുന്നതിന് ആവശ്യമായ ചിത്രചാർട്ടുകൾ വാങ്ങൽ, പ്രദർശിപ്പി ക്കൽ. | ജൂൺ മുതൽ മാർച്ച് വരെ എല്ലാ വർഷവും | ഉറുദു അധ്യാപകർ | ചാർട്ടുകൾ കാർഡുകൾ |

## ആരോഗ്യ കായിക വിദ്യാഭ്യാസം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 1. | ഗ്രൗണ്ട് സൗകര്യം | • വിവിധ കായിക പരിശീലനാവശ്യങ്ങൾക്കായി ഗ്രൗണ്ട് സജ്ജീകരിക്കൽ | 1 വർഷം | ബി.ആർ.സി. | പഞ്ചായത്ത് പി.ടി.എ. സഹകരണം |
| 2. | ഫുട്ബോൾ | • യു.പി. ക്ലാസ്സുകളിലെ കുട്ടികൾക്ക് ഫുട്ബോൾ ബാലപാഠങ്ങൾ പരിശീലിപ്പിക്കൽ. | " | പി.ടി.എ. സഹായം | ഗ്രൗണ്ട് സൗകര്യവും ബോൾ ലഭ്യത |
| 3. | അത്ലറ്റിക്സ് | • ഓട്ടം, ചാട്ടം എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകൽ. | " | " | Running Area, Jumping pull സൗകര്യങ്ങൾ |
| 4. | കലാപഠനം | • പാട്ട്, നൃത്തം, ചിത്രരചന, സംഗീതക്ലാസ് | " | രക്ഷിതാക്കൾ പി.ടി.എ. | |
| 5. | പ്രവൃത്തി പരിചയം | • പാഴ്വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണം | " | അധ്യാപകൻ രക്ഷിതാക്കൾ | കളിമണ്ണ് മെഴുക് |

## ക്ലാസ് ലൈബ്രറി

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നതിന് | • ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ വീട്ടിലേക്ക് കൊടുത്തുവിടുന്നു. രക്ഷിതാവിന്റെ സഹായത്തോടെ വായിക്കുന്നു. പിറ്റേന്ന് ക്ലാസ്സിൽ ചുരുക്കം അവതരണം.<br>• വായിച്ച പുസ്തകങ്ങളുടെ പേര് ഗ്രന്ഥകർത്താവിന്റെ പേര് എന്നിവ ചാർട്ട് ചെയ്യുന്നു<br>• വായനാകാർഡ് നിർമ്മാണവും വായനയും. (സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും വരുന്ന അക്ഷരപ്പാട്ടുകൾ) | ജൂൺ മുതൽ മാർച്ച് വരെ | രക്ഷിതാക്കൾ അധ്യാപകൻ | പുസ്തകങ്ങൾ വായനാ കാർഡുകൾ |

# സംഗ്രഹം

സർക്കാരിന്റെ വിഷൻ-100 പദ്ധതി പ്രകാരം നമ്മുടെ സ്കൂളിൽ തയ്യാറാക്കപ്പെട്ട മാസ്റ്റർ പ്ലാൻ പദ്ധതികൾ കാലാനുസൃതമായ മാറ്റങ്ങളോടുകൂടി പ്രാവർത്തികമാക്കുന്നതിനും നമ്മുടെ വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി കൈവരിക്കുന്നതിനും സ്കൂൾ പി.ടി.എ, സ്കൂൾ വികസനസമിതി, പൂർവ്വ വിദ്യാർത്ഥികൾ, സാംസ്കാരിക സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരുടെ പിന്തുണ ഉറപ്പാക്കിക്കൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് പ്രയത്നിക്കുന്നതാണ്.